(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എംപാനൽ ചെയ്ത ലാബോറട്ടറികളിൽ സംസ്ഥാനത്തിനകത്തുള്ള എൻ.എ. ബി.എൽ. അക്രഡിറ്റേഷൻ ഉള്ള രണ്ട് ലാബുകളുണ്ട്. എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ഉള്ള ഗവൺമെന്റ് ലാബുകളൊന്നും സംസ്ഥാനത്ത് നിലവിലില്ല.

Page 1 of 1

**ഐ. ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാക്കൽ**

5 (*215) ശ്രീ. ബി. സത്യൻ :
ശ്രീ. സാജു പോൾ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ പണിയെടുക്കുന്നവർ കടുത്ത ചൂഷണത്തിനിരയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ. ടി. മേഖലയിൽ തൊഴിൽനിയമങ്ങൾ ബാധകമാക്കാൻ തയ്യാറാകുമോ ;

(സി) ജീവനക്കാരുടെ അസോസിയേഷനുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കാൻ തയ്യാറാകുമോ ;

(ഡി) കമ്പനികളിൽ തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ ;

(ഇ) സംസ്ഥാനത്തെ ഐ.ടി. കമ്പനികളിലെ തൊഴിലാളികൾ എത്രയാണെന്ന കണക്കുകൾ തൊഴിൽ വകുപ്പിൽ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇല്ല. എന്നാൽ ഐ. ടി. മേഖലയിലെ ചില സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഐ. റ്റി. മേഖലയിലെ സ്ഥാപനങ്ങൾ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്.

(സി) 1926-ലെ ട്രേഡ് യൂണിയൻ നിയമത്തിന്റെയും 2010-ലെ കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ടിലെ വ്യവസ്ഥകൾക്കും വിധേയമായി ജീവനക്കാരുടെ അസോസിയേഷനുകൾക്ക് പ്രവർത്തിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) തൊഴിൽ വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ഏകദേശം 1,50,000 ഐ.ടി. ജീവനക്കാർ ഉള്ളതായി കാണുന്നു.